"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള ട്രൈബൽ പ്ലസ് - മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരം - പ്രഖ്യാപിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പിഎം) വകുപ്പ്**

സ.ഉ.(സാധാ) നം.844/2024/SCSTD തീയതി,തിരുവനന്തപുരം, 30-09-2024

---

പരാമർശം:- 1. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 28/09/2024 ലെ STDD/77/2023-PM3 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള 100 തൊഴിൽ ദിനങ്ങൾ കൂടാതെ , കേരളത്തിലെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന ''കേരള ട്രൈബൽ പ്ലസ് പദ്ധതി'' പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 5046 കുടുംബങ്ങൾ 200 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയ 3 പഞ്ചായത്തുകൾക്ക് 2024-ലെ സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തോടനുബന്ധിച്ച് പുരസ്കാരം നൽകുന്നതിന് പരാമർശ കത്ത് പ്രകാരം പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്ത് (372 കുടുംബങ്ങൾ), പുതൂർ ഗ്രാമപഞ്ചായത്ത് (259 കുടുംബങ്ങൾ), കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്ത് (198 കുടുംബങ്ങൾ) എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഏറ്റവുമധികം കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ട്രൈബൽ പ്ലസ് പദ്ധതിപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ നൽകിയ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്ത് , പുതൂർ ഗ്രാമപഞ്ചായത്ത് , കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2024-ലെ സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തോടനുബന്ധിച്ച് , "മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരം" പ്രഖ്യാപിച്ച് ഉത്തരവാകുന്നു. ഏറ്റവുമധികം കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി ആദ്യസ്ഥാനം നേടിയ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന് 5 ലക്ഷം രൂപയും മഹാത്മ ഗോത്ര സമൃദ്ധി അവാർഡും , രണ്ടാം സ്ഥാനം നേടിയ പാലക്കാട് ജില്ലയിലെ പുതൂർ, മൂന്നാം സ്ഥാനം നേടിയ കണ്ണൂർ ജില്ലയിലെ ആറളം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 3 ലക്ഷം രൂപയും, 2 ലക്ഷം രൂപയും , മഹാത്മ

ഗോത്ര സമൃദ്ധി അവാർഡും നല്കുന്നതിന് ഉത്തരവാകുന്നു.

3) പുരസ്കാരം നേടിയ തദ്ദേശസ്ഥാപനങ്ങൾക്ക് പുരസ്കാര തുകയ്ക്ക് തുല്യമായ പദ്ധതി ആവിഷ്കരിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതിയും നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 30-09-2024 16:24:10

പകർപ്പ്:

1. ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പിഎസ്
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ